# നസ്രാണിനാദം



Vol.I Issue No: 2 September 2010 www.niranamchurch.com For private circulation only

AD 54 ൽ വി.മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതവും മാർത്തോമ്മൻ തീർത്ഥാടനകേന്ദ്രവുമായ

# നിരണം വലിയപള്ളിയിൽ

## എട്ടുനോമ്പാചരണം





**2010 സെപ്റ്റംബർ 1 മുതൽ 8 വരെ**

വി.കുർബ്ബാന, ധ്യാനയോഗം, മദ്ധ്യസ്ഥ പ്രാർത്ഥന,
ഭക്തിനിർഭരമായ റാസ, വാഴ്വ്, നേർച്ചവിളമ്പ്

'കന്യേ ! മുൻഫലമായോളേ !
രക്ഷയ്ക്കുറവിടമായോളേ
ഏകാത്മജനോടർത്ഥിക്ക
ഞങ്ങളിൽ ആർദ്രതതോന്നീടാൻ'

കർത്താവിൽ പ്രിയരെ,

പരിശുദ്ധ മാർത്തോമ്മാശ്ലീഹായാൽ വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ നിരണം വലിയ പള്ളിയിൽ എല്ലാ വർഷവും നടത്തിവരുന്ന വിശുദ്ധ എട്ടുനോമ്പ് ആചരണം സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ നടത്തുന്നു. അഭി. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്താ, അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, അഭി. ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ, എന്നിവർ നേതൃത്വം നൽകുന്നു. ഏവരും വ്രതശുദ്ധിയോടും പുണ്യകർമ്മങ്ങളോടും പ്രാർത്ഥനാപൂർവ്വം നേർച്ച കാഴ്ച്ചകളുമായി വന്ന് ആത്മശുദ്ധിയും അനുഗ്രഹവും പ്രാപിക്കുമാറാകണം.

പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ട്,
ഇടവകയ്ക്കുവേണ്ടി,

| | |
|---|---|
| പി.എ.ബോബൻ (ട്രസ്റ്റി) | ഫാ. വർഗീസ്ജോർജ് (വികാരി) |
| പി.ജി.കോശി (സെക്രട്ടറി) | ഫാ. വർഗീസ്ജോൺ (അസി. വികാരി) |

## “സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ...” (ലൂക്കോസ് 11:42)



പൗരസ്ത്യ ആദ്ധ്യാത്മിക ദർശനത്തിൽ എന്നും അത്ഭുതത്തോടെ നോക്കിക്കാണുന്ന വ്യക്തിത്വമാണ് വിശുദ്ധ മറിയാമിന്റേത്. സഹദേന്മാരുടെ രാജ്ഞി, പരിശുദ്ധന്മാരുടെ നാഥ, മാലാഖമാരുടെ അഭിമാനം, ധ്രുവനക്ഷത്രം എന്നിങ്ങനെ അനേകം വിശേഷങ്ങളാൽ അവൾ ആദരിക്കപ്പെടുമ്പോഴും സഭ അവളുടെ ജീവിതത്തെ അത്ഭുതത്തോടും പ്രാർത്ഥനയോടും കൂടി നോക്കികാണുന്നു. ദൈവനിയോഗത്താലുള്ള വെളിപ്പാടുകളുടെ വലിയ ഘോഷയാത്ര തന്നെ അവളുടെ ജീവിതത്തിൽ അരങ്ങേറുന്നുണ്ട്.

ദൈവത്തെ ഗർഭം ധരിച്ചു പ്രസവിച്ചപ്പോഴും കന്യകാത്വത്തിൽ തന്നെ സ്ഥിതിചെയ്തവൾ, 'ദൈവകൃപ' എന്ന വിശുദ്ധ രഹസ്യത്തിന് ജീവിതംകൊണ്ട് വ്യാഖ്യാനത്തിന്റെ ചിത്രം വരച്ചവൾ, പരിത്യാഗത്തിലൂടെ പരിത്രാണത്തിന്റെ സോപാനങ്ങളിലേക്ക് പദം വച്ചുകയറുവാൻ പഠിപ്പിച്ചവൾ, എന്നിങ്ങനെ നീളുന്നു ആ ജീവിതത്തിന്റെ ധന്യത. അന്നും ഇന്നും മനുഷ്യമനസ്സുകൾക്ക് ഗ്രഹിക്കുന്നതിന്റെയും അപ്പുറത്തു നിൽക്കുന്നു വിശുദ്ധ മറിയാമിന്റെ ജീവിത യാത്ര. 'കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നും ജനിച്ചവനായി... ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗി' (ഗലാ. 4:4) ക്കുവാൻ തിരുമനസ്സായപ്പോൾ; ക്രിസ്തുവിന്റെ അമ്മയായി ഒരു ചക്രവർത്തിയുടെ മകളെ ദൈവം തെരഞ്ഞെടുത്തില്ല. ഹെരോദാവിന്റെ മകളെയും ദൈവം തെരഞ്ഞെടുത്തില്ല. മഹാപുരോഹിതന്റെ മകളെയും ദൈവം തെരഞ്ഞെടുത്തില്ല; ദൈവം പാവപ്പെട്ട ഒരു കന്യകയെയാണ് തെരഞ്ഞെടുത്തത്. അത് വി. മറിയാമിന്റെ യോഗ്യതയോ ദൈവത്തിന്റെ മഹത്വമോ? അത് ദൈവത്തെ മറ്റാരേയുംകാൾ മനസ്സിലാക്കിയ മറിയാമിന്റെ യോഗ്യതയായിരുന്നു. ദൈവത്തിൽ ഉറപ്പിച്ച മനസ്സായിരുന്നു മറിയമിന്റേത്. അത് ശുദ്ധമായ മനസ്സായിരുന്നു. കന്യകാത്വം അവളുടെ ശരീരത്തിനു മാത്രമായിരുന്നില്ല; അവളുടെ ഹൃദയവും പാപചിന്തകൾ സ്പർശിക്കാത്ത കന്യകാത്ത്വമുള്ളതായിരുന്നു. ഒരർത്ഥത്തിൽ, ദൈവം തന്നെക്കുറിച്ച് സവിശേഷമായ വെളിപ്പെടുത്തലുകൾ മനുഷ്യർക്ക് കൊടുത്തതിന്റെ രേഖയാണ് വി. മറിയം. ആ ജീവിതം അനന്തമായ പ്രാർത്ഥനാ ദൂരത്തിൽ നിന്നുകൊണ്ടു മാത്രമേ നോക്കിക്കാണാൻ പറ്റുകയുള്ളു. കാരണം, വൈരുദ്ധ്യങ്ങളുടെ ഒരു സമ്മേളനം തന്നെ അതിലെ വഴികളിലുണ്ട്. ഒരേ സമയം വി. മറിയം ദൈവത്തിന് അമ്മയായി തീർന്നു; അതേ സമയം അവൾ തന്റെ മകനു ദാസിയുമായിരുന്നു. അത് എങ്ങനെ ഗ്രഹിക്കുവാൻ കഴിയും? യേശുവിന്റെ അമ്മയും ദാസിയുമായി മാറിക്കൊണ്ട് ദൈവത്തിന്റെ ആഗ്രഹം മറിയം നിറവേറ്റുകയായിരുന്നു. ആ അമ്മയുടെ ഭാവമാണ് മകന്റെ സ്വഭാവമായി മാറുന്നത്. കാൽവറിയിലേക്കുള്ള യേശുവിന്റെ യാത്രയിൽ പോലും അവനെ അനുധാവനം ചെയ്യുവാൻ മറിയമിന്റെ കാലുകൾക്ക് ശക്തിപകർന്നതും ഈ വൈരുദ്ധ്യങ്ങളുടെ ഭാവമാണ്. നിർമ്മലമായ, കന്യകാത്ത്വമുള്ള സ്വഭാവം നസറായനെ അനുഗമിക്കുന്നവരിൽ രൂപപ്പെടുമ്പോൾ അവരിൽ വി. മറിയം രൂപപ്പെടുന്നു. അല്ലെങ്കിൽ അവരിലെല്ലാം വി. മറിയമിന്റെ നന്മകൾ ഉണ്ടാകുന്നു എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമായിതീരുന്നു.

ദേവാലയത്തിനുള്ളിൽ കൂപ്പുകൈകളോടും, നിമീലിത നേത്രങ്ങളോടും കൂടി നിൽക്കുമ്പോൾ, വഴിയോര വാണിഭശാലകളിലെ വർണ്ണപ്പകിട്ടിലേക്ക് ആകാംക്ഷയോടെ നോക്കി നിൽക്കുന്ന കുട്ടിയുടെ നിഷ്കളങ്കതയിലേക്ക് തിരിച്ചുവരുവാൻ ആ മാതൃത്വം ഇന്നും നമ്മെ നിരന്തരം നിർബന്ധിക്കുന്നു.

ഫാ. വർഗീസ്ജോൺ (കൊച്ചച്ചൻ)

## ആരും ഉയർത്തപ്പെട്ടില്ലിതുപോൽ അതിനാൽ സ്പഷ്ടം ..........

കർത്താവ് തന്റെ അമ്മയായ മറിയാമിനെ കുരിശിൻ ചുവട്ടിൽ നിന്ന തന്റെ സ്നേഹിതനായ ശിഷ്യനെ ഏൽപ്പിച്ചു. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തഭവനത്തിൽ സ്വീകരിച്ചു (യോഹ-19:26;27). ദൈവവചനത്തിൽ ഉറച്ചു നിൽക്കുന്നവരാണ് കർത്താവിന്റെ യഥാർത്ഥശിഷ്യർ (യോഹ.8:31) യഥാർത്ഥ ശിഷ്യർക്കു മാത്രമേ കർത്താവിന്റെ അമ്മ സ്വന്തം അമ്മയാകുകയുള്ളു. കർത്താവിന്റെ 'സ്നേഹിതനായ' ശിഷ്യൻ കർത്താവിന്റെ സഭയുടെ പ്രതീകമാണ്. ആ ശിഷ്യനോട് ചേർന്ന് സഭ കർത്താവിന്റെ അമ്മയെ സ്വീകരിച്ചിരിക്കുന്നു. കന്യാമറിയാമിനെ കർത്താവിന്റെ അമ്മയായി സ്വീകരിക്കാത്തവർ കർത്താവിന്റെ ശിഷ്യരല്ല. കാരണം കർത്താവ് സഭയ്ക്കു നൽകിയ സമ്മാനമാണ് വിശുദ്ധ കന്യകമറിയാം അമ്മ.

യേശുവിന്റെ അമ്മ എന്റെ അമ്മയാണെന്നു പറയുവാൻ ആഗ്രഹിക്കുന്ന ഓരോരുവരും യേശുവിന്റെ കല്പനകൾ അനുസരിക്കണം. അനുസരിക്കുന്നവർ മാത്രമാണ് ശിഷ്യത്വത്തിനു യോഗ്യർ. കർത്താവ് സമ്മാനമായി നൽകിയ അമ്മയെ സ്വീകരിക്കാത്തവർ എങ്ങനെ ശിഷ്യത്വത്തിനു യോഗ്യരാകും? അങ്ങനെയുള്ളവർക്ക് എങ്ങനെ തങ്ങൾ സഭയിൽ അംഗങ്ങൾ എന്നു അവകാശിക്കപ്പെടുവാനാകും? ആകയാൽ, സഭയുടെ മുന്നിൽ അമ്മയായി നിൽക്കത്തക്കവണ്ണം കർത്താവ് നൽകിയ സമ്മാനം സ്വീകരിക്കുക.

കന്യകമറിയം ദൈവമോ ദേവിയോ അല്ല. എന്നാൽ അവൾ മനുഷ്യാവതാരം ചെയ്ത ദൈവത്തെ പ്രസവിച്ചവളാണ്. 'കന്യകയായ അമ്മ' എന്ന നാമമുള്ള ഏക സ്ത്രീരത്നമാണ്. അവളിലൂടെ സഭ ക്രിസ്തുവിന്റെ അതുല്യ സൗന്ദര്യത്തിലെത്തിച്ചേരുകയും വിശുദ്ധീകരണവും പ്രകാശീകരണവും അതുവഴി ദൈവീകരണവും പ്രാപിക്കുകയും ചെയ്യുന്നു. ദൈവീകരണമാണ് നമ്മുടെ ആരാധന. സഭ കർത്താവിനെ വിശുദ്ധിയോടെ ആരാധിക്കുന്നു. വിശുദ്ധ സഭയിലെ രാജ്ഞിയും രാജകുമാരിയുമായവൾ (വി.മറിയം) സൗന്ദര്യത്തോടെ ഓഫീർ തങ്കമണിഞ്ഞുകൊണ്ട് മണവാളനായ ക്രിസ്തുവിന്റെ വലതുഭാഗത്ത് പ്രത്യേക സ്ഥാനം അലങ്കരിക്കുന്നു. അവൾക്ക് പിന്നിലായി സഭ മുഴുവനും മണവാളന് ആരാധന സമർപ്പിച്ചുകൊണ്ട് നിൽക്കുന്നു. ദൈവമാതാവിന്റെ പെരുന്നാൾ മണവാട്ടിയായ സഭയുടെ വിശുദ്ധിയും സൗന്ദര്യവും വർദ്ധിപ്പിച്ചുകൊണ്ട് ദൈവാരാധന നടത്തുവാൻ നമ്മെ ഏവരേയും ഒരുക്കട്ടെ.

നിങ്ങളുടെ വികാരി
വർഗ്ഗീസ് ജോർജച്ചൻ



## നോമ്പുനാളുകളിൽ .......

**01.09.2010 ബുധൻ**

07.00 a.m. : പ്രഭാതനമസ്ക്കാരം, വിശുദ്ധ കുർബ്ബാന
**അഭി. ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ**
പ്രധാനകാർമ്മികത്വത്തിൽ
മദ്ധ്യസ്ഥ പ്രാർത്ഥന

09.30 a.m. : **കൊടിയേറ്റ്**

10.30 a.m. : **ധ്യാന പ്രസംഗം**
റവ.ഫാ. ജെറി. ജെ. മാത്യു (മൂവാറ്റുപുഴ)

**02.09.2010 വ്യാഴം**

7.00 a.m. : പ്രഭാതനമസ്ക്കാരം, വിശുദ്ധ കുർബ്ബാന
മദ്ധ്യസ്ഥ പ്രാർത്ഥന

10.30 a.m. : **ധ്യാന പ്രസംഗം**
റവ.ഫാ. വർഗ്ഗീസ് മാത്യു (വികാരി, സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി, ചെന്നിത്തല)

**03.09.2010 വെള്ളി**

7.00 a.m. : പ്രഭാതനമസ്ക്കാരം, വിശുദ്ധ കുർബ്ബാന
മദ്ധ്യസ്ഥ പ്രാർത്ഥന

10.30 a.m. : **ധ്യാന പ്രസംഗം**
റവ.ഫാ. ജേക്കബ് മാത്യു (സെന്റ് പോൾസ് എം.ടി.സി., മാവേലിക്കര)

**04.09.2010 ശനി**

7.00 a.m. : പ്രഭാതനമസ്ക്കാരം, വിശുദ്ധ കുർബ്ബാന
മദ്ധ്യസ്ഥ പ്രാർത്ഥന

10.30 a.m. : **ധ്യാന പ്രസംഗം**
റവ.ഡോ.ഫാ. റെജി മാത്യു (വൈദിക സെമിനാരി, കോട്ടയം)

**05.09.2010 ഞായർ**

7.30 a.m. : പ്രഭാതനമസ്ക്കാരം, വിശുദ്ധ കുർബ്ബാന
മദ്ധ്യസ്ഥ പ്രാർത്ഥന

**06.09.2010 തിങ്കൾ**

7.00 a.m. : പ്രഭാതനമസ്ക്കാരം, വിശുദ്ധ കുർബ്ബാന
മദ്ധ്യസ്ഥ പ്രാർത്ഥന

10.30 a.m. : **ധ്യാന പ്രസംഗം**
റവ. ഫാ.ചെറിയാൻ ജേക്കബ് (വികാരി, സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, ചെങ്ങരൂർ)

**07.09.2010 ചൊവ്വ**

7.00 a.m. : പ്രഭാതനമസ്ക്കാരം, വിശുദ്ധ കുർബ്ബാന
**അഭി. ഡോ. എബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്താ**
(ബാംഗ്ലൂർ ഭദ്രാസനം )
മദ്ധ്യസ്ഥ പ്രാർത്ഥന

10.30 a.m. : **ധ്യാന പ്രസംഗം**
റവ. ഫാ.കെ.ജെ.വർഗ്ഗീസ് (കൗൺസിലർ, പരുമല സെമിനാരി)

6.00 p.m. : സന്ധ്യാനമസ്ക്കാരം

7.00 p.m. : **ഭക്തി നിർഭരമായ റാസ**
ആലംതുരുത്തി കുരിശടിയിൽ നിന്നും പള്ളിയിലേക്ക്
ആശീർവാദം

**08.09.2010 ബുധൻ**

7.00 a.m. : പ്രഭാതനമസ്ക്കാരം
**വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന**
**അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ**
പ്രധാന കാർമ്മികത്വത്തിൽ

പ്രദക്ഷിണം
വാഴ്‌വ്
നേർച്ചവിളമ്പ്
കൊടിയിറക്ക്

- എല്ലാ ദിവസവും 12 മണിക്ക് ഉച്ചനമസ്ക്കാരവും, 5 മണി മുതൽ 6 മണി വരെ വി. കുമ്പസാരവും 6 മണിക്ക് സന്ധ്യാ നമസ്ക്കാരവും ഉണ്ടായിരിക്കുന്നതാണ്.
- അപേക്ഷ കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്കുള്ള പേരുകൾ നേരത്തെ നൽകേണ്ടതാണ്.
- വിശുദ്ധ കുർബ്ബാനയ്ക്കുള്ള പേര്, നേർച്ച സാധനങ്ങൾ, പാച്ചോർ നേർച്ചയ്ക്കുള്ള സാധനങ്ങൾ, സംഭാവനകൾ എന്നിവ പള്ളിഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
- ധ്യാനയോഗാനന്തരം നേർച്ചകഞ്ഞി ഉണ്ടായിരിക്കുന്നതാണ്.

## നിരണം വലിയപള്ളി മാനേജിംഗ് കമ്മറ്റി


പി.എ. ബോബൻ (ട്രസ്റ്റി)


പി.ജി. കോശി (സെക്രട്ടറി)


എം.വി. ഏബ്രഹാം


എം.കെ. ജോൺ


എം.സി. കോരുത്


ജേക്കബ് വർഗ്ഗീസ്


പി.ഒ. നൈനാൻ


ഐപ്പ് വർഗ്ഗീസ്


വർക്കി വർഗ്ഗീസ്


മാത്യു എം. വർഗ്ഗീസ്


ഏബ്രഹാം വർഗ്ഗീസ്


സഞ്ചു തോമസ്


സി.എം. മാത്യു


കെ.സി. രാജു


മോഹൻ മത്തായി

The Taste of Your Desire
THOMSON
BAKERS



www.thomsonbakers.com thomsonbakers@yahoo.com

Ph : 0469-2747287(R) 0469-2611660(S) 0479-2312012(S)

Kadapra Jn. Niranam P.O
Arikupuram Building Parumalakadavu
Triveni Complex Store Jn. Mannar



Printed & Published by Niranam Valiyapalli Managing Committe, Printed at PAT Printers, Kadapra, Ph : 0469 2610612,e-mail: patprinters@gmail.com